ശ്രീ. ഇടിര അമ്പുക്കൻ: മന്ത്രിമാർ ചെയ്യുന്ന പ്രസംഗങ്ങളിൽ ഗവൺമെന്റിന്റെ അഭിപ്രായമാണോ, അതോ മന്ത്രിമാരുടെ സ്വന്ത അഭിപ്രായമാണൊ പ്രകടിപ്പിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: മന്ത്രിമാരുടെ അഭിപ്രായമാണ്.

ശ്രീ. മാന്നാർ ഗോപാലൻനായർ: ആ നിയമത്തെ ലംഘിച്ചു ചീഫ്സെക്രട്ടറി പ്രസംഗിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

Question No. (12) was not put.

പബ്ലിക്ക് സർവ്വീസ് കമ്മീഷനും അവശസമുദായവും

*ഇന്നു. (മന) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്കസർവ്വീസ് കമ്മീഷൻ രൂപീകൃതമായിട്ടുണ്ടോ; അതിൽ പിന്നോക്കസമുദായങ്ങൾക്ക് എന്തെല്ലാം രക്ഷാവ്യവസ്ഥകളാണുള്ളത്;

(ബി) തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട അവശസമുദായക്കാർക്കും സെക്രട്ടറിയേറ്റിൽ നിയമനം ലഭിക്കാൻ വല്ല സാദ്ധ്യതകളും ഉണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള).

(എ) രൂപീകൃതമായിട്ടില്ല.

(ബി) ചോദ്യത്തിൽ വിവക്ഷിക്കുന്ന മറ്റു സംഗതികളും ഗവൺമെണ്ട് തീർച്ചയായും പരിഗണിക്കുന്നതാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ സെക്രട്ടറിയേറ്റിലുള്ള ഉദ്യോസ്ഥന്മാരിൽ തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട പിന്നോക്കസമുദായക്കാരിൽ ആരും തന്നെയില്ലെന്നുള്ള സംഗതി ഗവൺമെണ്ടിന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ സംഗതി ഇതുവരെ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

LEMON GRASS RESEARCH

*567. [14] **Sri. E. P. Poulose:** Will the Hon'ble Minister for Industries be pleased to state.—

(a) whether they have finally chosen the centre for Lemon Grass Research;

(b) which is the centre chosen; and

(c) whether any land under lemon grass cultivation has been taken on lease for this purpose?

Chief Minister **(Sri. T. K. Narayana Pillai):**

(a) No.

(b) Does not arise in view to answer to part (a).

(c) No.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇതിലേക്ക കറെന്റുക ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: 5,000 രൂപാ കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. പി. വല്ലിസ്സ്: ആ ഇക എന്തുചെയ്യുവാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതു സ്ഥലത്താണ് ഇതിനുവേണ്ടി ഫാക്ടറി സ്ഥാപിക്കണമെന്നതു ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. പി. വല്ലിസ്: കഴിഞ്ഞ നാലുകൊല്ലത്തോളമായിട്ട് ഇതിലേക്ക് തുക കൊള്ളിക്കുകയും ലാപ്സാക്കിക്കളയുകയുമാണ് ചെയ്തിട്ടുള്ളതെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇക്കൊല്ലം അങ്ങനെ തുക ലാപ്സാക്കിക്കളയരുതെന്നു ഗവണ്മെന്റിനു മനപൂർവ്വമായ ഉദ്ദേശമുണ്ട്.

ശ്രീ. ഇ. പി. പൗലോസ്: ഇതിലേക്കു പെരുമ്പാവൂരിൽ ഒരു സ്ഥലം പാട്ടത്തിനെടുക്കാൻ ഗവണ്മെന്റ് ആലോചിച്ചില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: മുമ്പു അങ്ങനെ ആലോചിച്ചിരുന്നു.

ശ്രീ. ഇ. പി. പൌലോസ്: പിന്നിട് ഇതുവരെ ആ സ്ഥലം പാട്ടത്തിനെടുക്കാതിരുന്നതു് എന്തുകൊണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനടുത്തു് ഗവണ്മെന്റുവക സ്ഥലമുണ്ട്. അതുകൊണ്ട് പാട്ടത്തിനു സ്ഥലമെടുക്കാതെ ഗവണ്മെന്റുസ്ഥലത്തന്നെ എടുക്കാമോ എന്നു ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. പി. പൌലോസ്: പാട്ടത്തിനു സ്ഥലം എടുക്കാൻ ഗവണ്മെന്റ് ആലോചിച്ചിട്ട് ഇതുവരെ സ്ഥലം എടുക്കാതിരുന്നതുകൊണ്ട് സ്ഥലം ഉടമസ്ഥനു് വലിയ നഷ്ടമുണ്ടായിട്ടുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടായിരിക്കാം. എന്നാൽ ഗവണ്മെന്റുവക സ്ഥലത്തുതന്നെ ഫാക്ടറി സ്ഥാപിക്കണമെന്നാണ് ഗവണ്മെന്റ് ആലോചിക്കുന്നത്.

ശ്രീ. പി. എം. വല്ലിസ്സ്: ഇതേപ്പറ്റി ആലോചനനടത്തുന്നതു് ആരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവണ്മെന്റുതന്നെയാണ്.

ശ്രീ. പി. എം. വല്ലിസ്: ലെമൺഗ്രാസ് റിസർച്ചിനെപ്പറ്റി ഗവണ്മെന്റിനു് വിദഗ്ദ്ധാഭിപ്രായം നൽകുന്നതു് ആരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു റിസർച്ചു ഡയറക്ടരാണ്. അതിലേക്കാവശ്യമുള്ള സ്ഥലത്തെപ്പറ്റിയും മറ്റും കളക്ടരുടേയും അതിലേക്കു നിയമിച്ചിട്ടുള്ള സ്പെഷ്യലാഫീസറുടെയും മറ്റും അഭിപ്രായവും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ ഫാക്ടറി സ്ഥാപിക്കുവാൻ ഏതെങ്കിലും ഒരു വിദഗ്ദ്ധന്റെ അഭിപ്രായം ഗവണ്മെന്റ് ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

LAND TO POLITICAL SUFFERERS

*568. [15] **Sri. E. P. Poulose:** Will the Hon'ble the Chief Minister be pleased to state.—

(a) whether Government propose to distribute about 2,000 acres of land among 'Political Sufferers';

(b) when was this decision taken;

(c) whether any department has been instructed to make available such land for distribution;

LIBRARY ARCHIVES Kerala Legislative Assembly